# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4554

18.05.2017-ൽ മറുപടിയ്ക്ക്

## കിൻഫ്രയുടെ ആഭിമുഖ്യത്തിലുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ.വി.ആർ.സുനിൽ കുമാർ<br>ശ്രീമതി സി.കെ.ആശ | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനക്ഷേമവും വകുപ്പ് മന്ത്രി) |

എ) സംസ്ഥാനത്ത് കിൻഫ്രയുടെ ആഭിമുഖ്യത്തിൽ നടക്കുന്ന പുതിയ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ;

എ) കിൻഫ്ര ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ താഴെ പറയുന്നവയാണ്:

1 വ്യവസായ വികസന മേഖല, തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കണ്ണൂർ.

2 വ്യവസായ പാർക്ക്, മട്ടന്നൂർ

3 മെഗാ ഫുഡ് പാർക്ക്, പാലക്കാട്

4 ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, എറണാകുളം.

5 ഡിഫൻസ് പാർക്ക്, ഒറ്റപ്പാലം, പാലക്കാട്

6 സ്പൈസസ് പാർക്ക്, തൊടുപുഴ, ഇടുക്കി

7 അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്, രാമനാട്ടുകര, കോഴിക്കോട്

8 അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്, പുഴക്കൽ, തൃശ്ശൂർ

9 കിൻഫ്ര കൊരട്ടി പാർക്കിന്റെ രണ്ടാംഘട്ട വികസനം, തൃശ്ശൂർ

10 ഐ.ടി/ഐ.ടി അധിഷ്ഠിത പ്രത്യേക സാമ്പത്തിക മേഖല, കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്ക്, തിരുവനന്തപുരം - രണ്ടാംഘട്ട വികസനം.

11 ഗ്ലോബൽ ആയുർവേദ വില്ലേജ്, തിരുവനന്തപുരം

12 പെട്രോകെമിക്കൽ പാർക്ക്, എറണാകുളം

13 ഫാർമാ പാർക്ക്, എറണാകുളം

14 കിൻഫ്ര പാർക്ക്, കാക്കഞ്ചേരി, മലപ്പുറം, രണ്ടാംഘട്ട വികസനം

**ബി)** ഈ പദ്ധതികൾ വഴി എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്;

**ബി)** പ്രസ്തുത പദ്ധതികൾ പൂർണ്ണ തോതിൽ പ്രവർത്തന സജ്ജമാകുമ്പോൾ ഏകദേശം 18000 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്നാണ് കിൻഫ്ര പ്രതീക്ഷിക്കുന്നത്.

**സി)** സംസ്ഥാനത്ത് ഒരു പെട്രോകെമിക്കൽ പാർക്ക് സ്ഥാപിക്കുന്നതിനുള്ള അനുമതി നല്കിയിട്ടുണ്ടോ; ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

**സി)** ഉണ്ട്. എറണാകുളത്ത് FACT-ൽ നിന്ന് കൈമാറുന്ന 600 ഏക്കർ ഭൂമിയിൽ കിൻഫ്രയുടെ ആഭിമുഖ്യത്തിൽ ഒരു പെട്രോകെമിക്കൽ പാർക്ക് സ്ഥാപിക്കുന്നതിന് ഭരണാനുമതി നല്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

**ഡി)** കിൻഫ്ര വ്യവസായ പാർക്കുകളിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്ക് പൊതു സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ;

**ഡി)** സ്ത്രീകൾ കൂടുതലായി ജോലി ചെയ്യുന്ന കിൻഫ്ര അപ്പാരൽ പാർക്കിൽ ഒരു ലേഡീസ് ഹോസ്റ്റൽ സ്ഥാപിച്ചിട്ടുണ്ട്. ഇവിടെ ഒരു ക്രെഷും (creche) പ്രവർത്തിച്ചു വരുന്നു. കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്ക്, കിൻഫ്ര ഹൈടെക് പാർക്ക്, കിൻഫ്ര ടെക്സ്റ്റൈൽ സെന്റർ എന്നിവിടങ്ങളിൽ ക്രെഷ് സംവിധാനം ഏർപ്പെടുത്താൻ കിൻഫ്രക്ക് പദ്ധതിയുണ്ട്.

കൂടാതെ സ്ത്രീകൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ അവരെ ജോലി സ്ഥലത്ത് കൊണ്ടുവരുന്നതിനും തിരികെ കൊണ്ടുപോകുന്നതിനും അവർ ജോലി ചെയ്യുന്ന സ്ഥാപനങ്ങൾ തന്നെ വാഹന സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**